## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2545** **07.10.2016 ൽ മറുപടിയ്ക്ക്**

## അന്തർ സംസ്ഥാന സർവ്വീസുകൾ

| ചോദ്യം<br>ശ്രീമതി.യു.പ്രതിഭ ഹരി<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.പി.കെ.ശശി<br>ശ്രീ.കെ.കുഞ്ഞിരാമൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഏതെല്ലാം സ്ഥലങ്ങളിലേയ്ക്കാണ് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ വിവിധ ഡിപ്പോകളിൽ നിന്നും തമിഴ്നാട്ടിലെ കോയമ്പത്തൂർ, പളനി, പൊള്ളാച്ചി, ഗൂഡല്ലൂർ, ഊട്ടി, കമ്പം, ഉദുമൽപേട്ട്, ചേരമ്പാടി, ദേവാല, പാണ്ടിക്കാട്, തെങ്കാശി, കന്യാകുമാരി, നാഗർകോവിൽ, മധുര, അച്ചൻകോവിൽ, തിരുപ്പൂർ, തൃപ്പരപ്പ്, തിരുനെൽവേലി, മണ്ണടി, തേനി, നാട്ടുകാണി, വേളാങ്കണ്ണി, പറമ്പിക്കുളം, മേട്ടുപാളയം, സേലം തുടങ്ങിയ സ്ഥലങ്ങളിലേക്കും കർണ്ണാടകത്തിലെ ബാംഗ്ലൂർ, മംഗലാപുരം, സുള്ള്യ, മണിപ്പാൽ, ബൈറക്കുപ്പ്, മെർക്കാറെ, കൊല്ലൂർ, പുത്തൂർ, സുബ്രഹ്മണ്യ, വിരാജ്പേട്ട്, ഉടുപ്പി, കുട്ട, ഗുണ്ടൽപേട്ട്, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | ഇത്തരം അന്തർ സംസ്ഥാന സർവ്വീസുകൾ ലാഭകരമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകൾ പൂർണ്ണമായും ലാഭകരമാണെന്ന് പറയുവാൻ കഴിയുകയില്ല. പൂർണ്ണമായ മോട്ടോർ വെഹിക്കിൾ നികുതി അന്തർ സംസ്ഥാന പെർമിറ്റ് നിരക്കുകൾ,അന്തർ സംസ്ഥാന ടോൾ നിരക്ക്, ഡ്യൂട്ടി പാറ്റേൺ, ബസ്സുകളുടെ ഉപയോഗക്ഷമത എന്നിവ കണക്കിലെടുക്കുമ്പോൾ എല്ലാ അന്തർ സംസ്ഥാന സർവ്വീസുകളും കെ.എസ്.ആർ.ടി.സി. യെ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | ലാഭകരമല്ല. എന്നാൽ സംസ്ഥാന സർക്കാർ അയൽ സംസ്ഥാനങ്ങളുമായി ഉണ്ടാക്കുന്ന ഗതാഗത കരാറിന്റെ ഭാഗമായി അയൽ സംസ്ഥാനങ്ങളിലെ പ്രധാന സ്ഥലങ്ങളിലേക്ക് പൊതുജനങ്ങളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ഇത്തരം അന്തർ സംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തി വരുന്നത്. അന്തർ സംസ്ഥാനങ്ങളുമായി മെച്ചപ്പെട്ട ബന്ധം സ്ഥാപിക്കുന്നതിനും ഈ സർവ്വീസുകൾ വളരെയധികം സഹായിക്കുന്നുണ്ട്. |
| (സി) | എങ്കിൽ ബാംഗ്ലൂർ, കോയമ്പത്തൂർ, പളനി, മംഗലാപുരം തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | കർണ്ണാടക, തമിഴ്നാട് എന്നീ സർക്കാരുകളുമായി പുതിയ അന്തർ സംസ്ഥാന കരാർ ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത കരാറിൽ ബാംഗ്ലൂർ, കോയമ്പത്തൂർ, പളനി, മംഗലാപുരം എന്നീ സ്ഥലങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ